തലയൽ തോടിന്റെ പണിയിലെ ക്രമക്കേടുകൾ

156 [202] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജകമണ്ഡലത്തിലെ ബാലരാമപുരം പഞ്ചായത്തിലുള്ള തലയൽ തോടിന്റെ പണിയിൽ ക്രമക്കേടുകൾ ധാരാളം കടന്നുകൂടിയിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ തോടിന്റെ പണിയിൽ അപാകതകൾ ഉണ്ടെന്നും നടപ്പാലം വേണമെന്നുമുള്ള പരാതി ലഭിച്ചിട്ടുണ്ട്.

(ബി) അന്വേഷണം നടത്തി വേണ്ടുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപ്പാലത്തിനുള്ള സ്റ്റാബ് നിർമ്മിച്ചിട്ടുമുണ്ട്.

ഡിസ്പാസ്റ്റർ ഷെൽട്ടർ പണിയുന്നതിനുള്ള സ്ഥലം

157 [203] ശ്രീ. ഒ. രേതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി. ഒ. (ആർ. ടി.) 1993/81 എൽ. എ. ആൻറ് എസ്. ഡബ്ലു. ഡി. തീയതി 9-6-1981 പ്രകാരം റെഡ് ക്രോസ് സൊസൈറ്റിയുടെ സഹായത്തോടെ ഡിസാസ്റ്റർ ഷെൽട്ടർ പണിയുന്നതിനുവേണ്ടി കണ്ണൂർ മുനിസിപ്പാലിറ്റി റവന്യൂ വകുപ്പിന് കൈമാറിയ സ്ഥലം പ്രസ്തുത ആവശ്യത്തിലേക്ക് ഉപയോഗിക്കാത്തതിനാൽ കണ്ണൂർ മുനിസിപ്പാലിറ്റിക്കുതന്നെ വിട്ടുകൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെൻറിന് 18-12-1984-ൽ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സ്ഥലം മുനിസിപ്പാലിറ്റിക്ക് തിരിച്ച് കൈമാറുന്നതിന് ഇതിനകം എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് സംബന്ധിച്ച നടപടികൾ ഊർജ്ജിതപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഇത് സംബന്ധിച്ച തീരുമാനം ഊർജ്ജിതപ്പെടുത്തി അവസാന തീരുമാനം ഉടനെ എടുക്കുന്നതാണ്.

തിരുവനന്തപുരം കോർപ്പറേഷനിലെ ജീവനക്കാർ

158 [204] ശ്രീമതി ഭാർഗ്ഗവിതങ്കപ്പൻ :
ശ്രീ. കെ. ടി. കണാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, കാനം രാജേന്ദ്രൻ :
,, കെ. ഇ. ഇസ്മായിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ ഇനിയും സ്ഥിരപ്പെടുത്തിയിട്ടില്ലാത്ത എത്ര ജീവനക്കാർ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly